LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

51(5206) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമുള്ള ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയുടെ ആനുകൂല്യം എന്നുമുതൽ ജീവനക്കാർക്ക് ലഭിച്ചു തുടങ്ങും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ടെണ്ടർ നടപടികളിൽ പങ്കെടുത്ത ഹെൽത്ത് ഇൻഷ്വറൻസ് കമ്പനിയായ RGICL (Reliance General Insurance Company Ltd.) സർക്കാരിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളുവെന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നിയമനടപടി ത്വരിതപ്പെടുത്തി പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മെഡിസെപ്

52(5207) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് എപ്രകാരമാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളുടെയും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിലുള്ള നിബന്ധനകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal(RFP) 22-1-2021-ൽ പ്രസിദ്ധീകരിച്ച് റീ-ടെണ്ടർ നടപടി ആരംഭിച്ചിരുന്നു. കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരളസർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന